ഉത്തരം

(എ) ഉണ്ട്.

(ബി) ശേഷിച്ച പണികൾക്കുള്ള ടെണ്ടറുകൾ ക്ഷണിച്ചപ്പോൾ ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. എന്നാൽ കരാറുകാരന്റെ റേറ്റ് വളരെ ഉയർന്നതായിരുന്നതിനാൽ ആ ടെണ്ടർ സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. കമ്മീഷൻ ക്ഷണിച്ച് പണി നടത്തുന്നതിന് ശ്രമം നടത്തിവരുന്നു.

(സി) മുകളിൽ സൂചിപ്പിച്ച പ്രകാരമുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ എടുക്കുന്നുണ്ട്.

ബാലരാമപുരം—കാട്ടാക്കട റോഡിന്റെ അറ്റകുറ്റപ്പണി

126 [139] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ ബാലരാമപുരം-കാട്ടാക്കട റോഡിന്റെ വാഹനസഞ്ചാരയോഗ്യമല്ലാത്ത അവസ്ഥ കണക്കിലെടുത്ത്, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബ്ലാക്ക് ടോപ്പിംഗ് നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ധനലഭ്യത അനുസരിച്ചുമാത്രമേ ഇക്കാര്യം പരിഗണിക്കാൻ കഴിയൂ. അതിനാൽ ഇപ്പോൾ ഈ കാര്യത്തിൽ ഒരു ഉറപ്പ് നൽകുവാൻ ബുദ്ധിമുട്ടുണ്ട്.

ഓരോ ജില്ലയിലും കരാറുകാർക്ക് നൽകാനുള്ള തുക

127 [140] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ വർക്ക് പൂർത്തിയാക്കിയ കരാറുകാർക്ക് ഓരോ ജില്ലയിലും എത്ര സംഖ്യ വീതം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

31—5—1986 വരെ ഓരോ ജില്ലയിലും കൊടുത്തു തീർക്കേണ്ട സംഖ്യ താഴെ പറയുന്നവയാണ്:

	(രൂപ ലക്ഷത്തിൽ)
തിരുവനന്തപുരം	115.80
കൊല്ലം	50.30
പത്തനംതിട്ട	69.79
ആലപ്പുഴ	78.16
കോട്ടയം	93.67
ഇടുക്കി	64.61
എറണാകുളം	99.281
തൃശ്ശൂർ	48.80
പാലക്കാട്	226.56

LIBRARY ARCHIVES Kerala Legislative Assembly

	(രൂപ ലക്ഷത്തിൽ)
മലപ്പുറം	298.51
വയനാട്	89.937
കണ്ണൂർ	178.54
കാസർകോഡ്	122.37
കോഴിക്കോട്	206.76

പിരിച്ചുവിടപ്പെട്ട എൻ.എം.ആർ. ജീവനക്കാരൻ

128 [141] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ലിയു.ഡി. എൻ.എം.ആർ. ജീവനക്കാരെ സ്ഥിരം സർവ്വീസ്സിൽ ഉൾപ്പെടുത്തുവാൻ ഗവൺമെന്റുത്തരവുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നെയ്യാർ ഡാം എൻ.എം.ആർ. ജീവനക്കാരനായ കൊച്ചുകുഞ്ഞിനെ പിരിച്ചുവിട്ടതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത തൊഴിലാളിയെ സ്ഥിരം സർവ്വീസ്സിലേക്ക് തിരിച്ചെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചുകുഞ്ഞ് എന്ന എൻ.എം.ആർ. ജീവനക്കാരനെ പിരിച്ചുവിട്ടതായി അറിവില്ല. എന്നാൽ സി.എൽ.ആർ. ആയി ജോലി ചെയ്തിരുന്ന ഒരു കൊച്ചുകുഞ്ഞിനെ പിരിച്ചുവിട്ടിട്ടുണ്ട്.

(സി) കൊച്ചുകുഞ്ഞിനെ പിരിച്ചു വിട്ടതിനെക്കുറിച്ച് അന്വേഷണം നടത്തിവരികയാണ്.

കരുമാടി പി.ഡബ്ലിയു.ഡി. ഓഫീസ്

129 [142] ശ്രീ. വി. ദിനകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കരുമാടിയിലുള്ള പി.ഡബ്ലിയു.ഡി. ഓഫീസ് നിർത്തലാക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഓഫീസിന്റെ പ്രാധാന്യം കണക്കിലെടുത്ത് പി.ഡബ്ലിയു.ഡി. ഓഫീസ് അവിടെത്തന്നെ തുടർന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കരുമാടിയിലുള്ള പി.ഡബ്ലിയു.ഡി. ബി. ആൻഡ് ആർ. സെക്ഷൻ അമ്പലപ്പുഴ വകുപ്പ് പുനഃസംഘടനയെ തുടർന്ന് ബിൽഡിംഗ് സെക്ഷൻ ഹരിപ്പാട് ആയി മാറ്റിയിട്ടുണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly